# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 819 — 03.12.2014 - ൽ മറുപടിയ്ക്ക്

## പരിയാരം സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ അധ്യാപക- അനധ്യാപക നിയമന നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി. രാജേഷ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിൽ എത്ര അധ്യാപക- അനധ്യാപക തസ്തികകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ ; | (എ) | 55 അധ്യാപക തസ്തികകളും 47 അനധ്യാപക തസ്തികകളും നിലവിലുണ്ട്. |
| (ബി) | ഇവയിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് ; ഏതൊക്കെ അധ്യാപകരെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ളത് ; ഇവർ എത്ര വർഷമായി വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുന്നു; വിശദാംശം നൽകുമോ; | (ബി) | 13 അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. 5 അധ്യാപകരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുണ്ട്. ഡോ. ആനി യോഹന്നാൻ, ഡോ. രഞ്ജുമോൾ വി.എസ്, ഡോ. അനില എം. എന്നിവർ ഒരു വർഷത്തോളവും ഡോ. ശ്രീജാ സുകേശൻ ഒന്നര വർഷത്തോളവും ഡോ. ശോഭന സി രണ്ടര വർഷത്തോളവുമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുന്നു. |
| (സി) | വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഇവിടെ എക്സ്റേ ടെക്നീഷ്യനെ നിയമിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) | 20.11.2014-ലെ ജി.ഒ.(ആർ.റ്റി) നം. 3754/2014/ആകുവ പ്രകാരം തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ നിന്നും കണ്ണൂർ ആയുർവേദ കോളേജിലേയ്ക്ക് ശ്രീ. മുരളീദാസൻ കെ.പി. യെ വർക്കിംഗ് അറേഞ്ച്മെന്റിൽ റേഡിയോഗ്രാഫറായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ